തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ
തൃശ്ശൂർ -680 001

☎0487 2422020
" 242207
" 242855
" 242805
" 242242

G8/Election/ 46011/2019

തീയതി.19/11/2024

## ഡിലിമിറ്റേഷൻ കമ്മിഷൻ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നു

വിഷയം : തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ -തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിലെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട ഡിലിമിറ്റേഷൻ കമ്മിഷൻ വിജ്ഞാപനം നോട്ടീസ് ബോർഡ്, വെബ്സൈറ്റ് എന്നിവടങ്ങളിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്.

പരാമർശം - സംസ്ഥാന ഡിലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിയുടെ 18.11.2024 ലെ SDC/100/2024-SDC7 നമ്പർ വിജ്ഞാപനം

2024 സെപ്തംബർ 11ലെ 2920-ാം നമ്പർ അസാധാരണ ഗസറ്റിൽ ഗസറ്റിൽ എസ്.ആർ.ഒ.നമ്പർ 813/2024 ആയി പ്രസിദ്ധപ്പെടുത്തിയ 10.09.2024ലെ സ.ഉ.(അച്ചടി) നം.49/2024/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിലെ നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണം 56 ആയി നിശ്ചയിട്ടുള്ളതിനാൽ, പ്രസ്തുത മുനിസിപ്പൽ കോർപ്പറേഷനെ അത്രയും വാർഡുകളായി വിഭജിക്കുന്നതിനും അവയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനുമുള്ള കരട് നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ പറഞ്ഞിട്ടുള്ള പ്രകാരം 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 69-ാം വകുപ്പ് അനുശാസിക്കും പ്രകാരം ഡിലിമിറ്റേഷൻ കമ്മിഷൻ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.

പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഉണ്ടെങ്കിൽ ആയത് **2024 ഡിസംബർ 3-ാം തിയതിയിലോ** അതിനു മുമ്പോ ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറി മുമ്പാകെയോ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുമ്പാകെയോ നേരിട്ടോ രജിസ്റ്റർ ചെയ്ത തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. അപ്രകാരം നൽകുന്നവയോടൊപ്പം എന്തെങ്കിലും രേഖകൾ നൽകാൻ ആഗ്രഹിക്കുന്നുവെങ്കിൽ അപ്രകാരമുള്ള രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകേണ്ടതാണ്.

ആക്ഷേപങ്ങളും അഭിപ്രായങ്ങളും അന്വേഷിക്കുന്നതും യുക്തമെന്നു കാണുന്ന പക്ഷം നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുന്ന സമയത്തും സ്ഥലത്തും വച്ച്

പരാതിക്കാരെ ഡീലിമിറ്റേഷൻ കമ്മീഷൻ നേരിച്ച് കേൾക്കുന്നതുമാണ്. തൽസമയം പരാതിക്കാർ നേരിട്ട് ഹാജരാകേണ്ടതാണ്.

ഡിലിമിറ്റേഷൻ കമ്മിഷൻ വിജ്ഞാപനം ഇതോടൊപ്പം പ്രസിദ്ധപ്പെടുത്തുന്നു.

കോർപ്പറേഷൻ സെക്രട്ടറി
തൃശ്ശൂർ

SHIBU V P
CORPORATION SECRETARY
THRISSUR MUNICIPAL CORPORATION

ഉള്ളടക്കം: ഡിലിമിറ്റേഷൻ കമ്മിഷൻ വിജ്ഞാപനം,അനുബന്ധം 4

വെബ്സൈറ്റ്
നോട്ടീസ് ബോർഡ്
സോണൽ ഓഫീസ്